**മുഖ്യനഗരാസൂത്രകന്റെ നടപടി**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല -തലശ്ശേരി നഗരസഭ തലശ്ശേരി വില്ലേജ് വാസഗൃഹ നിർമാണം- കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 5/2018 ലെ E3/BA/434/17-18 നമ്പർ കത്ത്.

2. കണ്ണൂർ ജില്ല ടൗൺ പ്ലാനറുടെ 4/02/2019 ലെ സി/1549/2018/നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCP/CTP/312/19-D തീയതി:**01/03/2019**

---

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭ പരിധിയിലുള്ള തലശ്ശേരി വില്ലേജിൽ റീ സർവ്വേ നമ്പർ 75/1 -പ്പെട്ട 121 ച.മീറ്റർ വിസ്തൃതിയിലുള്ള പ്ലോട്ടിൽ 143.04. ച.മീറ്റർ വിസ്തീർണ്ണമുള്ള രണ്ട് നിലയുള്ള വീട് നിർമ്മിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ വെള്ളം വള്ളി ലിജിത്തിന്റെ -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി തലശ്ശേരി ഡെവലപ്മെന്റ് പ്ലാൻ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എ.ഒ.സി

വാങ്ങിയിരക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന മുറയ്ക്ക് അവയ്ക്ക് അനുസൃതമായിരിക്കണം.
7. നിർദ്ദിഷ്ട നിർമ്മാണം തലശ്ശേരി Development Plan Variation 2007-ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
8. CRZ അതോറിറ്റിയുടെ അനുമതി വാങ്ങിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ഉത്തരവിൻ പ്രകാരം

ശ്രീമതി. ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, തലശ്ശേരി നഗരസഭ

പകർപ്പ്:-

1. ശ്രീ. വെള്ളംവള്ളി ലിജിത്ത്, തപസ്യ, ഇല്ലിക്കുന്ന്. പി.ഒ, നെട്ടൂർ, തലശ്ശേരി
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം